"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ധനകാര്യ വകുപ്പ് - പത്തനംതിട്ട ജില്ല - കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് - 2023-24 ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ സെക്കന്ററി പാലിയേറ്റീവ് കെയർ പദ്ധതിക്കായി മെഡിസിൻ വാങ്ങുന്നതിനായി വികസന ഫണ്ട് - സാധാരണ വിഹിതത്തിൽ നിന്നും ഗുണഭോക്താവിന് നൽകിയതും ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ തുക പുനരനുവദിച്ച് ഉത്തരവാകുന്നു

**ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പ്**

സ.ഉ. (സാധാ) നം.7478/2024/ധന — തീയതി,തിരുവനന്തപുരം, 08-10-2024

പരാമർശം : 1. കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 01/07/2024-ലെ എ2- 549/2024 നം. കത്ത്.

2. 31/05/2024 തീയതിയിലെ കമ്പനാട് സബ്ട്രഷറി ഓഫീസറുടെ A2/289/2024 നം. കത്ത്.

3. സ.ഉ.(പി) നം. 86/2016/ധന തീയതി: 17.06.2016.

**ഉത്തരവ്**

കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി സെക്കന്ററി പാലിയേറ്റീവ് കെയർ പദ്ധതിയിൽ നിന്നും (പ്രോജക്ട് നമ്പർ 47/24) നീതി മെഡിക്കൽസ് എന്ന സ്ഥാപനത്തിന് മെഡിസിൻ വാങ്ങുന്നതിനായി വികസന ഫണ്ട് സാധാരണ വിഹിതത്തിൽ നിന്നും അനുവദിച്ച 67,725/- രൂപ ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥൻ ബെനിഫിഷറി അക്കൗണ്ട് തെറ്റായി മാപ്പ് ചെയ്തതിനെ തുടർന്ന് സർക്കാർ ശീർഷകത്തിലേക്ക് തിരികെ പോയതിനാൽ ടി തുക പുനരനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, പരാമർശം (2), (3) എന്നിവയുടെ അടിസ്ഥാനത്തിൽ 2023-24 ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെട്ട

സെക്കന്ററി പാലിയേറ്റീവ് കെയർ പദ്ധതിക്കായി മെഡിസിൻ വാങ്ങിയ ഇനത്തിൽ അനുവദിച്ചിരുന്ന തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ ബെനിഫിഷറി അക്കൗണ്ട് തെറ്റായി മാപ്പ് ചെയ്തതിനെ തുടർന്ന് തിരികെ സർക്കാരിലേക്ക് പോയ 67,725/- രൂപ (അറുപത്തി ഏഴായിരത്തി എഴുന്നൂറ്റി ഇരുപത്തി അഞ്ച് രൂപ മാത്രം) കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന് (B030300) 3604-00-200-81-04-35-00-NV എന്ന ശീർഷകത്തിൽ നിന്നും പുനരനുവദിച്ച ഉത്തരവാകുന്നു.

3. മേൽ തുക പിൻവലിച്ച് ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് ഒരു മാസത്തിനുള്ളിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ.ബി.**

**ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരള, തിരുവനന്തപുരം
ഡയറക്ടർ, ത.സ്വ.ഭ.വ വകുപ്പ് (റൂറൽ), തിരുവനന്തപുരം
സെക്രട്ടറി, കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് , പത്തനംതിട്ട
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ (ബി.ഡബ്ല്യൂ-ജെ / ഡെവലപ്.വിംഗ്/ എസ്.എസ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ- 2883356)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ